2013

വിജയമന്ത്ര 7
ജോബിൻ എസ്.
കൊട്ടാരം
MBA (OB & HR) M.Sc. (Psy.) PGMC

നമ്മുടെ ജീവിതത്തിൽ നാം ആഗ്രഹിച്ചതിനേക്കാളും വലിയ വിജയങ്ങൾ കടന്നുവരും. നാം ആഗ്രഹിച്ച രൂപത്തിലും ഭാവത്തിലും വിജയങ്ങൾ കടന്നു വരണമെന്നില്ല. അത് വ്യത്യസ്ത രൂപത്തിലാകാം, ഭാവത്തിലാകാം.

# ആഗ്രഹവും ജീവിതവും

നിറയെ മരങ്ങളുള്ള സുന്ദരമായ ഒരു വനത്തിലെ മൂന്ന് മരങ്ങൾ ഒരിക്കൽ തങ്ങളുടെ ആശയും അഭിലാഷവും പങ്കുവെക്കുകയായിരുന്നു. ഒന്നാമത്തെ മരം പറഞ്ഞു: "ഒരിക്കൽ ഞാനൊരു നിധിപേടകമാകുമായിരിക്കും. സ്വർണ്ണവും ഡയമൺഡും മറ്റ് വിലപിടിപ്പുള്ള കല്ലുകളും ഒക്കെ സൂക്ഷിച്ചുവെക്കുന്ന ഒരു നിധിപേടകം." ഉടനെ രണ്ടാമത്തെ മരം പറഞ്ഞു: "ഞാനൊരിക്കൽ ഒരു വലിയ കപ്പലാകും. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും കടലുകൾ താണ്ടി ഞാൻ ലോകത്തിന്റെ നാനാഭാഗങ്ങളിലെത്തിക്കും. തുറമുഖങ്ങളിൽനിന്ന് തുറമുഖങ്ങളിലേക്ക് ഞാൻ കുതിക്കും." അവസാനം മൂന്നാമത്തെ മരം പറഞ്ഞു: "എനിക്ക് ഈ കാട്ടിലെ ഏറ്റവും ഉയരമുള്ള മരമായി വളരണം. ആളുകൾ എന്നെ നോക്കി ആദരവോടെ നില്ക്കണം. ദൈവവും സ്വർഗവും എന്റെ എന്തുമാത്രം അടുത്താണെന്ന് ആളുകൾ മനസിലാക്കണം. ആകാശത്തിന്റെ മട്ടുപ്പാവിലേക്ക് തലയുയർത്തി നില്ക്കുന്ന എക്കാലത്തെയും ശക്തനായ മരമായി എനിക്കു മാറണം."

തങ്ങളുടെ ആഗ്രഹങ്ങൾ സഫലമാകുന്നതിനുവേണ്ടി ദിനരാത്രഭേദമില്ലാതെ അവർ പ്രാർത്ഥിക്കാൻ തുടങ്ങി. അവസാനം അവരുടെ ആഗ്രഹത്തിന്റെ പൂർത്തീകരണമെന്നോണം ഏതാനും മരക്കച്ചവടക്കാർ അവിടെയെത്തി. ആദ്യത്തെ മരത്തിന്റെ അടുത്തെത്തി ഒന്നാമത്തെ കച്ചവടക്കാരൻ പറഞ്ഞു: "ഈ മരം കാതലുള്ളതാണ്. ഇത് ഞാൻ ഒരു മരപ്പണിക്കാരനു വില്ക്കും." ഇതുകേട്ട് മരത്തിനു സന്തോഷമായി. തന്റെ ആഗ്രഹം സഫലീകരിക്കപ്പെടാൻ പോകുന്നു. കാതലുള്ള തന്നെ കാണുമ്പോൾ ആ മരപ്പണിക്കാരൻ തന്നെ ഒരു നിധിപേടകമാക്കുമെന്ന് മരം വിശ്വസിച്ചു. രണ്ടാമത്തെ മരക്കച്ചവടക്കാരൻ രണ്ടാമത്തെ മരത്തിനടുത്തെത്തി. അയാൾ പറഞ്ഞു: "ഈ മരം വെട്ടി ഞാൻ ഒരു കപ്പൽനിർമ്മാണശാലയ്ക്കു കൊടുക്കും." ഇതുകേട്ട് രണ്ടാമത്തെ മരവും സന്തോഷിച്ചു. വെട്ടുകാരൻ മൂന്നാമത്തെ മരത്തിനടുത്തെത്തിയപ്പോൾ അത് ഭയചകിതയായി. ഏറ്റവും ഉയരമുള്ള മരമാകുവാനുള്ള തന്റെ സ്വപ്നം തകർക്കപ്പെടാൻ പോവുകയാണെന്നു മനസിലാക്കിയ മൂന്നാമത്തെ മരം പൊട്ടിക്കരഞ്ഞു.

ഒന്നാമത്തെ മരം മരപ്പണിക്കാരന്റെ പണിശാലയിലെത്തിയപ്പോൾ അയാൾ അതിനെ പശുക്കൾക്ക് തീറ്റികൊടുക്കുന്ന ഒരു പുൽത്തൊട്ടിയാക്കി മാറ്റി. ഇതായിരുന്നില്ല ഒരിക്കലും ആ മരം ആഗ്രഹിച്ചിരുന്നത്. രണ്ടാമത്തെ മരത്തെ കപ്പൽശാലയിലെ പണിക്കാർ വീണ്ടും ചെറിയ കഷണങ്ങളാക്കി മുറിച്ചു. അവസാനം അവർ അതുപയോഗിച്ച് മീൻ പിടിക്കുന്ന ഒരു ബോട്ട് പണിതു. രാജാക്കന്മാരും പ്രഭുക്കന്മാരും തന്റെ മടിത്തട്ടിലൂടെ യാത്ര ചെയ്യുന്നത് സ്വപ്നംകണ്ട ആ മരം അവസാനം തന്റെ അവസ്ഥയോർത്ത് ഏറെ ദുഃഖിച്ചു. മൂന്നാമത്തെ മരത്തെ വാങ്ങിയവർ അതിനെ പലതായി ഭാഗിച്ച് ഒരു ഗോഡൗണിൽ ഇട്ടു. വർഷങ്ങൾ കടന്നുപോയി. മരങ്ങൾ തങ്ങളുടെ സ്വപ്നങ്ങളെല്ലാം മറന്നു.

Success in life



അങ്ങനെയിരിക്കെ ഒരു സ്ത്രീയും പുരുഷനും കഴുതപ്പുറത്തുവന്ന് ഒന്നാമത്തെ മരംകൊണ്ടു നിർമ്മിച്ച പുൽത്തൊട്ടിക്കരികിലെത്തി. കാലിത്തൊഴുത്തിൽ തന്റെ കുഞ്ഞിനെ പ്രസവിച്ച ആ സ്ത്രീ കുഞ്ഞിനെ പിള്ളക്കച്ചയിൽ പൊതിഞ്ഞ് ആ പുൽത്തൊട്ടിയിൽ കിടത്തി. അപ്പോഴാണ് ലോകത്തിലെ ഏറ്റവും വലിയ നിധിയായ ഉണ്ണിയേശുവിനെയാണ് താനിപ്പോൾ വഹിക്കുന്നതെന്ന ബോധ്യം ആ മരത്തിനുണ്ടായത്. വർഷങ്ങൾ വീണ്ടും കടന്നുപോയി. ഏതാനും മനുഷ്യരും അവരുടെ ഗുരുവുംകൂടി രണ്ടാമത്തെ മരമുപയോഗിച്ച് നിർമ്മിച്ച ബോട്ടിൽക്കയറി. ശിഷ്യന്മാർ മീൻ പിടിക്കാൻ തുടങ്ങി. കൊടുങ്കാറ്റ് പെട്ടെന്ന് ആഞ്ഞടിച്ചു. ഗുരു ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ പരിഭ്രാന്തരായി. ഇതുകേട്ടുണർന്ന ഗുരു പറഞ്ഞു: “എല്ലാം ശാന്തമാകട്ടെ.” ഉടൻ കാറും കോളും അടങ്ങി, കടൽ ശാന്തമായി. അപ്പോഴാണ് രാജാക്കന്മാരെ വഹിക്കാൻ ആഗ്രഹിച്ച തന്റെ മടിത്തട്ടിൽ ഇപ്പോൾ രാജാക്കന്മാരുടെ രാജാവാണ് വിശ്രമിക്കുന്നതെന്ന ബോധ്യം രണ്ടാമത്തെ മരത്തിനുണ്ടായത്. ഒടുവിൽ മൂന്നാമത്തെ മരത്തെതേടിയും ആളുകളെത്തി. ഒരുവനെ കുരിശിൽ തറയ്ക്കാനുള്ള കുരിശിനായി അവർ ആ മരത്തെ ഉപയോഗിച്ചു. ആ മനുഷ്യന്റെ കൈകളിലും കാലുകളിലും അവർ ആണികൾ തറച്ചു. കുരിശുമരണത്തിന്റെ മൂന്നാം ദിവസം ഉത്ഥാനത്തിന്റെ ഞായറാഴ്ചയെത്തി. ആർക്കും വേണ്ടാതെ കിടന്നിരുന്ന ആ മരം ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി. എല്ലാവരും ആരാധനയോടെ ആ മരമുപയോഗിച്ച് നിർമ്മിച്ച കുരിശിനെ നോക്കിക്കണ്ടു.

ഈ കഥയെ നമ്മുടെ ജീവിതവുമായി താരതമ്യം ചെയ്തു നോക്കിയാൽ വലിയ ഉൾക്കാഴ്ചകൾ ലഭിക്കും. പലപ്പോഴും നാം സ്വപ്നം കണ്ടതുപോലെയോ ആഗ്രഹിച്ചതുപോലെയോ ഉള്ള ഒരു ജീവിതമായിരിക്കില്ല ഇന്നത്തെ നമ്മുടെ ജീവിതം. നാം ആഗ്രഹിച്ച വഴികളിലൂടെയായിരിക്കില്ല നാം സഞ്ചരിച്ചത്. എന്നാലും നമ്മുടെ ജീവിതത്തിൽ നാം ആഗ്രഹിച്ചതിനേക്കാളും വലിയ വിജയങ്ങൾ കടന്നുവരും. നാം ആഗ്രഹിച്ച രൂപത്തിലും ഭാവത്തിലും വിജയങ്ങൾ കടന്നുവരണമെന്നില്ല. അത് വ്യത്യസ്ത രൂപത്തിലാകാം, ഭാവത്തിലാകാം. അത് മനസിലാക്കി മുന്നേറിയാൽ ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വാദ്യകരമാക്കിത്തീർക്കാൻ നമുക്ക് സാധിക്കും. ■